**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 69** **23-08-2022 - ൽ മറുപടിയ്ക്ക്**

**ഐ.ടി. പാർക്കുകളുടെ വിപുലീകരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി ശാന്തകുമാരി കെ. | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | സംസ്ഥാനത്തെ ഐ.ടി. പാർക്കുകളുടെ വിപുലീകരണത്തിനു സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമെന്നു വിശദീകരിക്കാമോ? | (എ) | ജില്ലാതലത്തിലുള്ള ഐ.ടി. വികസനത്തിലുപരി സംസ്ഥാനത്തുടനീളം ഐ.ടി. മേഖലയിലുള്ള വികസനമാണ് സർക്കാർ ലക്ഷ്യമിടുന്നത്. സംസ്ഥാനത്തെ ഐ.ടി. പാർക്കുകളുടെ വിപുലീകരണാർത്ഥം അടുത്ത പത്തു വർഷത്തിൽ ടെക്നോപാർക്കിലെ ഒന്നു മുതൽ നാലാം ഘട്ടം വരെയുള്ള പദ്ധതികളിലായി 25 ദശലക്ഷം ച.അടി കെട്ടിടം നിർമ്മിക്കുവാനും അതിലൂടെ 2.5 ലക്ഷം പേർക്ക് പ്രത്യക്ഷമായും 7.5 ലക്ഷം പേർക്ക് പരോക്ഷമായും തൊഴിൽ ലഭ്യമാക്കുവാനും വേണ്ടുന്ന നടപടികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കിവരുന്നു. കൊച്ചി ഇൻഫോപാർക്കിൽ ഏകദേശം 18.42 ലക്ഷം ച.അടി കെട്ടിടങ്ങളും അതിലൂടെ 18000 തൊഴിൽ ലഭ്യതയും ലക്ഷ്യമിടുന്നു. കോഴിക്കോട് സൈബർപാർക്കിൽ 4 ലക്ഷം ച.അടി ഐ.ടി കെട്ടിടവും 4000 തൊഴിലവസരങ്ങളും വിഭാവനം ചെയ്യുന്നു.<br><br>കൂടാതെ, ഐ.ടി. മേഖലയിൽ 5G സാങ്കേതികവിദ്യയിൽ അധിഷ്ഠിതമായി NH66 നു സമാന്തരമായി തിരുവനന്തപുരം മുതൽ കണ്ണൂർ വരെ 20 ചെറുകിട ഐ.ടി. പാർക്കുകൾ ഉൾപ്പെടുന്ന ഐ.ടി. ഇടനാഴി സ്ഥാപിക്കുവാനും അതുവഴി 2 ലക്ഷത്തോളം തൊഴിലവസരങ്ങൾ സൃഷ്ടിക്കുവാനും ലക്ഷ്യമിടുന്നു. |

സെക്ഷൻ ഓഫീസർ